

# ബാല ഗവേഷകരുടെ ജൈവവൈവിധ്യ രജിസ്റ്റർ (CBR)
# സംരക്ഷിക്കാം കേരളത്തിലെ നാടൻ മാങ്ങ, ചക്ക ഇനങ്ങൾ

ഏപ്രിൽ മേയ് മാസങ്ങൾ കുട്ടികൾ വേനൽ അവധി ആഘോഷിക്കുന്ന നാളുകളാണല്ലോ. ഈ സമയത്ത് കുട്ടികൾക്ക് ചുറ്റുപാടുമുള്ള ജൈവവൈവിധ്യത്തെക്കുറിച്ച് അറിയാനും പഠിക്കാനും മറ്റുള്ളവർക്ക് പറഞ്ഞു കൊടുക്കാനും ഉള്ള അവസരമായി വിനിയോഗിക്കാൻ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് ആഗ്രഹിക്കുന്നു. ഈ വേനൽക്കാലത്തും ചക്കയും, മാങ്ങയും പൂത്തു കായ്ച്ചു നിൽക്കുന്ന അനുഗ്രഹീതമായ സംസ്ഥാനമാണ് നമ്മുടെ കേരളം. പഴുത്ത മാങ്ങയും, ചക്കയും മറ്റു പഴങ്ങളും തിന്നാൻ അണ്ണാനും, കിളികളും മത്സരിക്കുന്ന രസകരമായ കാഴ്ചകൾ ഈ വേനലവധിയുടെ മറ്റൊരു പ്രത്യേകതയാണ്. വിവിധ നിറങ്ങളിൽ, രുചികളിൽ വലിപ്പത്തിൽ എത്രതരം പഴങ്ങളാണ് നമുക്കു ചുറ്റുമുള്ളത്. അവയെ ആഹാരമാക്കാനും, മറ്റുപയോഗങ്ങൾക്കുമായി വൈവിധ്യമാർന്ന ജീവികളും ഇവയെ പ്രയോജനപ്പെടുത്തുന്നു. പല ജീവികളുടേയും നിലനിൽപ്പുതന്നെ ഇത്തരം ഫലവർഗ്ഗങ്ങളെ ആശ്രയിച്ചാണെന്ന് നമുക്കറിയാം.

നമ്മുടെ പൂർവ്വികരുടെ കരുതലിന്റെയും പ്രകൃതി സ്നേഹത്തിന്റേയും തെളിവാണ് ഇന്ന് അവശേഷിച്ചിട്ടുള്ള ഈ ഫലവൃക്ഷങ്ങൾ. എന്നാൽ ഇവയുടെ പ്രധാന്യത്തെക്കുറിച്ചുള്ള ഇന്നത്തെ തലമുറയുടെ അജ്ഞതയും കാലാവസ്ഥാ വ്യതിയാനവും ഒരു പക്ഷേ ഇത്തരം നാടൻ ഫലവൃക്ഷങ്ങളെ ഭാവിയിൽ നാമാവശേഷമാക്കിയേക്കാം. ആകയാൽ നമ്മുടെ ചുറ്റുപാടും സുലഭമായ നാടൻ മാങ്ങ, ചക്ക തുടങ്ങിയ ഇനങ്ങളുടെ വിവരശേഖരണമാകട്ടെ ഈ മാസത്തെ യജ്ഞം. ശേഖരിച്ച വിവരങ്ങൾ പ്രസ്തുത ഫോർമാറ്റിലാക്കി മെയ് 15 നകം താഴെ പറയുന്ന ഇ–മെയിലിൽ അയച്ചുതരേണ്ടതാണ്.

## നിബന്ധനകൾ

1. അപ്പർ പ്രൈമറി (5 – 7 ക്ലാസ്), ഹൈസ്കൂൾ (8 – 10 ക്ലാസ്) കുട്ടികളാണ് ഈ പദ്ധതിയിൽ പങ്കെടുക്കേണ്ടത്.
2. ഒറ്റക്കോ, ഗ്രൂപ്പായോ (പരമാവധി അഞ്ച് കുട്ടികൾ ) ഈ പദ്ധതിയിൽ പങ്കെടുക്കാവുന്നതാണ്
3. വിവരശേഖരണം നടത്തി വെബ്സൈറ്റിൽ നൽകിയിട്ടുള്ള ഫോർമാറ്റിൽ അയച്ചു തരേണ്ടതാണ്. വിവരശേഖരണത്തിന് അനുബന്ധമായ ഫോട്ടോ അയച്ചു തരേണ്ടതാണ്.
4. താഴെ കൊടുത്തിട്ടുള്ള ഇമെയിൽ വഴി മാത്രമേ ഡാറ്റ അയക്കുവാൻ പാടുള്ളൂ.
5. ഓരോ മാസവും അയച്ചുതരുന്ന വിവരശേഖരണത്തിന് പ്രത്യേക അംഗീകാരം നൽകുന്നതാണ്.
6. ശേഖരിച്ച വിവരങ്ങൾ സമർപ്പിക്കേണ്ട അവസാന തീയതി : 15.05.2019

KERALA STATE BIODIVERSITY BOARD




മെമ്പർ സെക്രട്ടറി
കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
Contact number : 0471 2724740
Email: cbrksbb2019@gmail.com,Website: www.keralabiodiversity.org